(ബി) ആയതിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) പൊതുജനങ്ങൾ അപ്പീൽ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) പൊതുജനങ്ങളുടെ പരാതിയിൻമേൽ നടപടി സ്വീകരിച്ചത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ എങ്കിൽ എന്താണ്;

ഉത്തരം

(എ) ഉണ്ട്

(ബി),(സി),(ഡി)&(ഇ) ഉടുമ്പൻചോല താലൂക്കിലെ കാർഡമം സെറ്റിൽമെന്റ് ഡെപ്യൂട്ടി തഹസിൽദാർ ആരംഭിച്ച കുടി ഒഴിപ്പിക്കലിനെ സംബന്ധിച്ച് സർക്കാരിന് രണ്ടു പരാതികൾ ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുടി ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അപേക്ഷകരെ 13.12.1999 -ലെ കത്തു പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

94 (651) ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിവിധ സംഘടനകൾക്ക് സ്ഥലം നൽകിയ നടപടി

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി സംഘടനകൾ, സർവ്വീസ് സംഘടനകൾ എന്നിവയ്ക്ക് സ്ഥലം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം രാഷ്ട്രീയ കക്ഷികൾക്കും തൊഴിലാളി സംഘടനകൾക്കും സർവ്വീസ് സംഘടനകൾക്കുമാണ് സ്ഥലം സൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എവിടെയെല്ലാമാണ് സ്ഥലം നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്തെല്ലാം വ്യവസ്ഥയിൻമേലാണ് സ്ഥലം നൽകിയത്;

(ഇ) തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷന് സമീപവും പ്രസ് ക്ലബിനു സമീപവുമുള്ള സ്ഥലങ്ങൾ ഏതെല്ലാം സർവ്വീസ് സംഘടനകൾക്കാണ് നൽകിയത്;

(എഫ്) എന്തു വ്യവസ്ഥയനുസരിച്ചാണ് അവ നൽകിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) തിരുവനന്തപുരം ജില്ലയിൽ പി.എം.ജി. ജംഗ്ഷന് സമീപമുള്ള സ്ഥലം കേരള എൻ.ജി.ഒ. യൂണിയനും, പ്രസ് ക്ലബിന് സമീപമുള്ള സ്ഥലം ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷനും വിലയീടാക്കാതെ പതിച്ചുനൽകാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലെയും പൂർണ്ണമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പി.എം.ജി. ജംഗ്ഷന് സമീപമുള്ള സ്ഥലം കേരള എൻ.ജി.ഒ യൂണിയനും, പ്രസ് ക്ലബിന് സമീപമുള്ള സ്ഥലം ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷനുമാണ് നൽകിയിട്ടുള്ളത്.

(എഫ്) വില ഈടാക്കാതെ പതിച്ചു നൽകാനാണ് ഉത്തരവായിട്ടുള്ളത്.

95 (652) കടയ്ക്കൽ ക്ഷേത്രത്തിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി

ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പഞ്ചായത്തിൽ കടയ്ക്കൽ ജംഗ്ഷനിൽനിന്നും കടയ്ക്കൽ ക്ഷേത്രത്തിലേക്കുള്ള റോഡ് വീതി കൂട്ടുന്നതി നാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാ ണെന്ന് അറിയിക്കുമോ;

(ബി) ഇവിടെ സ്ഥലം അക്വയർ ചെയ്യുന്നതിനുണ്ടാകുന്ന കാലതാ മസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്നേയ്ക്ക് പ്രസ്തുത ഭൂമി റോഡിന്റെ ഉപയോഗത്തിന് ലഭ്യ മാകും എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഇങ്ങനെ ഒരു സ്ഥലമെടുപ്പ് നടപടി നിലവിലില്ല.

(ബി)&(സി) ബാധകമല്ല.

96 (653) കാരായ്മക്കാർക്ക് സൗകര്യാവകാശം കൊടുക്കാനുള്ള നിയമം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പസ്സാക്കിയ കാരായ്മക്കാർക്ക് സൗകര്യാവ കാശം കൊടുക്കാനുള്ള നിയമം നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഏതെങ്കിലും കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടോ;

(സി) പ്രസ്തുത കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കാരായ്മകുടിയാന്മാർക്ക് സൗകര്യാവകാശം പാസ്സാക്കിയ തിനുശേഷം 553 കേസ്സുകളിൽ വിചാരണയ്ക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 80 കേസ്സുകൾ വിധിയായിക്കഴിഞ്ഞു. ഇപ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ കൈക്കൊണ്ട് വരികയാണ്.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly